സത്യം വദ

ധർമ്മം ചര

# KERALA VELLALA MAHA SABHA

(Incorporated under Section 28 of Travancore Companies Act Reg. No. 1/1959)

Head Office : 11/303, Thottamon, P.B. No. 9, Ranni Post, Pathanamthitta, Kerala - 689 672. Phone : 0473-5227571
www.kvms.info.com | e-mail : generalsecretarykvms@gmail.com
Vellala Sabdam : e-mail : kvmsvellalasabdam@gmail.com | Marriage Bureau : http://kvmsmarriagebureau.com

**President :**
N. MAHESAN., Rtd. RDO
42, Sneha Nagar, Kollamparambil,
Mathra, Punalur, Kollam
Mob : 94472 11629

**General Secretary :**
MANACAUD R. PADMANABHAN
No. 30, Harshan Nagar, Manacaud P.O.,
Thiruvananthapuram - 695 009
Mob : 94473 88006, 94953 88000

**Treasurer :**
RAJEEV THAZHAKKARA
Kanjirakatt, Thazhakkara
Mavelikkara, Alapuzha
Mob : 94952 10001

മുൻ കേന്ദ്രമന്ത്രിമാരായ സുഷമ സ്വരാജ്, അരുൺ ജെയ്റ്റ്ലി, ഡയറക്ടർ ബോർഡ് മുൻ അംഗം തൊടുപുഴ ശിവശങ്കരപ്പിള്ള, മലപ്പുറം വള്ളുവനാട് ഉപസഭ പ്രസിഡന്റ് വാസുദേവൻപിള്ള എന്നിവർക്കും ഓഗസ്റ്റ് രണ്ടാം വാരം കേരളത്തിൽ അനുഭവപ്പെട്ട പ്രളയത്തിൽ മരണമടഞ്ഞവർക്കും മഹാസഭ അനുശോചനം രേഖപ്പെടുത്തുന്നു.

**സർക്കുലർ നമ്പർ: 1/19-20 തീയതി: 29-08-2019**

*ഏവർക്കും കെ.വി.എം.എസ് ഡയറക്ടർ ബോർഡിന്റെ ഹൃദയം നിറഞ്ഞ ഓണാശംസകൾ!!!*

കേരള വെള്ളാള മഹാസഭയുടെ 2019-20-ലെ ഒന്നാമത് ഡയറക്ടർ ബോർഡ് യോഗം 2019 ഓഗസ്റ്റ് 25 ഞായറാഴ്ച
രാവിലെ 11 മണിക്ക് മഹാസഭ പ്രസിഡന്റ് എൻ. മഹേശന്റെ വസതിയിൽ അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടാ
യി. ഈശ്വര പ്രാർത്ഥന, ആചാര്യവന്ദനം, അനുശോചനം എന്നിവയോടുകൂടി ആരംഭിച്ച യോഗത്തിന് സംസ്ഥാന ജന
റൽ സെക്രട്ടറി സ്വാഗതം പറഞ്ഞു. യോഗ തീരുമാനങ്ങൾ കീഴ്ഘടകങ്ങളുടെ അറിവിലേക്കും നടപ്പിലാക്കുന്നതിനുമായി
ചുവടെ ചേർക്കുന്നു.

(1) പാലാ യൂണിയന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്ന വെള്ളിയേപ്പള്ളി ഉപസഭയുടെ വനിതാ വിഭാഗം,
ശ്രീപാർവതി വനിതാ സമാജം എന്ന പേരിൽ ഒരു ഉപസഭ രൂപീകരിക്കുകയും അതു സംബന്ധിച്ച് അപേക്ഷ നൽകുകയും
ചെയ്തതിന്റെ അടിസ്ഥാനത്തിൽ, മഹാസഭ അപേക്ഷ സ്വീകരിക്കുകയും 536-ാം നമ്പർ ഉപസഭയായി അംഗീകാരം നൽകു
കയും ചെയ്തു.

(2) കൊല്ലം ജില്ലയിലെ പുനലൂർ യൂണിയന്റെ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനായി വരണാധികാ
രിയെ നിശ്ചയിച്ചുതരണമെന്ന് സൂചിപ്പിച്ച് നൽകിയ കത്തിന്റെയും വോട്ടർ പട്ടികയുടെയും അടിസ്ഥാനത്തിൽ സംസ്ഥാന
സെക്രട്ടറി എസ്. ജയഗോപാലിനെ യൂണിയന്റെ തെരഞ്ഞെടുപ്പ് വരണാധികാരിയായി യോഗം ചുമതലപ്പെടുത്തി.

(3)പത്തനംതിട്ട കോന്നി യൂണിയന്റെ പ്രവർത്തനപരിധിയിലുള്ള 61-ാം നമ്പർ അരുവാപ്പുലം ഉപസഭയുടെ സെക്ര
ട്ടറി മഹാസഭയ്ക്കു നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിനായി വൈസ്
പ്രസിഡന്റ് പി.എ. ചന്ദ്രപ്പൻപിള്ള, ട്രഷറർ രാജീവ് തഴക്കര എന്നിവരെ യോഗം ചുമതലപ്പെടുത്തി.

(4)2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ മഹാസഭയുടെ കണക്കുകളുടെ ഇന്റേണൽ ഓഡിറ്റ് നടത്തുന്നതി
നായി സെക്രട്ടറി എസ്. ജയഗോപാലിനെയും ബോർഡ് അംഗം കായംകുളം പി. ഹരിദാസിനെയും ചുമതലപ്പെടുത്തി.

(5) മഹാസഭയുടെ പതാക ദിനമായ സെപ്റ്റംബർ 20-ഉം സ്ഥാപക ദിനമായ സെപ്റ്റംബർ 21-ഉം വെവ്വേറെ ആച
രിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് ഉപസഭകൾ ഉയർത്തിയ സാഹചര്യത്തിൽ ഈ രണ്ടു ദിവസങ്ങളും സംയോജി
പ്പിച്ച് സ്ഥാപക ദിനമായ സെപ്റ്റംബർ 21-ന് അതാത് പ്രദേശങ്ങളിൽ പതാക ഉയർത്തി പതാക-സ്ഥാപക ദിനങ്ങൾ സംയു
ക്തമായി കീഴ്ഘടകങ്ങൾ ആചരിക്കേണ്ടതാണ്. ആചരണങ്ങളുടെ ഫോട്ടോ/റിപ്പോർട്ട് മഹാസഭയ്ക്ക് നൽകുന്നപക്ഷം
അവ തെരഞ്ഞെടുത്തു പ്രസിദ്ധീകരിക്കുന്ന വെള്ളാള ശബ്ദത്തിൽ ഉൾപ്പെടുത്തുന്നതാണ്.

(6) മാര്യേജ് ബ്യൂറോയിൽ പ്രൊഫൈലുകൾ രജിസ്റ്റർ ചെയ്യുന്നവർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകു
ന്നതിനായി ബ്യൂറോയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ തീരുമാനിച്ചു. പുതിയ സ്കീമുകൾ യഥാസമയം അറി
യിക്കുന്നതാണ്.

(7) സെൻസസ് പദ്ധതി പുനരാരംഭിക്കുവാൻ മഹാസഭ തീരുമാനിച്ചു. ഇതിന്റെ വിശദാംശങ്ങൾ മറുപേജിൽ നൽകി
യിട്ടുണ്ട്.

(8)കോട്ടയം ജില്ലയിൽ പ്രവർത്തിച്ചുവരുന്ന അയ്യാഗുരു ഡവലപ്മെന്റ് ആൻഡ് ചാരിറ്റബിൾ സൊസൈറ്റിയുടെ
പ്രവർത്തനം സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിനായുള്ള നടപടികൾ കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

...2

## സെൻസസ് പദ്ധതി പുനരാരംഭിക്കുന്നു

കേരളത്തിലെ വെള്ളാളരുടെ അംഗസംഖ്യ കണ്ടെത്തുന്നതിന് മുൻകാലങ്ങളിൽ ആരംഭിച്ച സെൻസസ് പദ്ധതി പുനരാരംഭിക്കുവാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചു.

മുന്നോക്ക സമുദായങ്ങളുടെ പട്ടിക തയാറാക്കുന്നതിനായി നിയമിച്ച കമ്മിഷൻ, മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്താനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന കമ്മിഷൻ, സംവരണാനുകൂല്യങ്ങൾ ലഭിക്കാത്തതും സാമ്പത്തികമായി പിന്നോക്കാവസ്ഥ നേരിടുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുന്ന കമ്മിഷൻ എന്നിവർ മുമ്പാകെ മഹാസഭാ പ്രതിനിധികൾ കൃത്യമായി ഹിയറിംഗിന് ഹാജരാകുകയും വെള്ളാള സമുദായം നേരിടുന്ന വിഷയങ്ങളെ ആസ്പദമാക്കി നിവേദനങ്ങളും പൂരിപ്പിച്ച ചോദ്യാവലികളും നൽകിവരുന്നതും സമുദായാംഗങ്ങളുടെ ശ്രദ്ധയിൽപ്പെട്ടുകാണുമല്ലോ. ഈ ഹിയറിംഗുകളിലെല്ലാം തന്നെ കേരളത്തിൽ വെള്ളാള സമുദായത്തിന്റെ അംഗസംഖ്യ എത്ര എന്ന ചോദ്യം എല്ലാ കമ്മിഷനുകളും ആരാഞ്ഞുവെങ്കിലും വ്യക്തമായ ഒരു മറുപടി നൽകുവാൻ പങ്കെടുത്തവർക്ക് കഴിഞ്ഞില്ല. വളരെ മുൻകൂട്ടി മഹാസഭ നടപ്പിലാക്കിയ സെൻസസ് പദ്ധതിയുമായി എല്ലാ കീഴ്ഘടകങ്ങളും സഹകരിച്ചിരുന്നുവെങ്കിൽ ഈ പ്രതിസന്ധി ഒഴിവാക്കാമായിരുന്നു.

മുന്നോക്ക സമുദായങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള പത്തു ശതമാനം സംവരണ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ളവ നമ്മുടെ സമുദായത്തിനു ലഭ്യമാകണമെങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ സെൻസസ് പദ്ധതി പൂർത്തിയാക്കിയേ മതിയാകൂ. ഇതിനായി എത്ര ക്ലേശം സഹിച്ചാലും കീഴ്ഘടകങ്ങൾ മഹാസഭയുമായി സഹകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നേടിയെടുക്കാൻ സാധിക്കുമായിരുന്ന നേട്ടങ്ങൾ പോലും നമുക്ക് അന്യമായിപ്പോകും എന്നുള്ളത് നിസ്തർക്കമാണ്.

മുമ്പ് വിതരണം ചെയ്തിരുന്ന രീതിയിലുള്ള ഡേറ്റാ ഷീറ്റിന്റെ ഓരോ കോപ്പി ഇതോടൊപ്പം നൽകുന്നു. ആവശ്യമായ പകർപ്പുകളെടുത്ത് അംഗങ്ങൾക്ക് വിതരണം ചെയ്യുകയും അവ 2019 സെപ്റ്റംബർ 30–നു മുമ്പായി പൂരിപ്പിച്ച് മഹാസഭയ്ക്ക് ലഭ്യമാക്കണമെന്നും താൽപര്യപ്പെടുന്നു. അടുത്തിടെ വിതരണം ചെയ്തതും കൃത്യതയോടെ ഉപസഭകൾ പൂരിപ്പിച്ചുനൽകിയതുമായ സംവരണ കമ്മിഷന്റെ ചോദ്യാവലിയോട് പുലർത്തിയ ആഭിമുഖ്യം ഈ വിഷയത്തിലും പാലിക്കണമെന്നും, അടിയന്തരപ്രാധാന്യമുള്ള ഈ വിഷയത്തിൽ കീഴ്ഘടകങ്ങൾ അതീവ ശ്രദ്ധ ചെലുത്തണമെന്നും വിനയപൂർവം അഭ്യർത്ഥിക്കുന്നു. (നേരത്തെ പൂരിപ്പിച്ച് നൽകിയ കീഴ്ഘടകങ്ങൾക്ക് പുതിയ അറിയിപ്പ് ബാധകമല്ല).

അംഗത്വം രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള മഹാസഭ വെബ്സൈറ്റിനോടൊപ്പം ഒരു പ്രത്യേക സോഫ്റ്റ്‌വെയർ ലിങ്ക് ചെയ്ത് സെൻസസ് പദ്ധതി വിപുലീകരിക്കുവാനാണ് മഹാസഭാ തീരുമാനം. ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം പൂർത്തിയാകുന്നമുറയ്ക്ക് അതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ നൽകുന്നതാണ്

(9) മഹാസഭയുടെ കീഴിൽ ഉപസഭകളായി രജിസ്റ്റർ ചെയ്തിട്ടുള്ള വനിതാ സമാജങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തൊട്ടാകെ യൂണിയൻതലത്തിലോ ജില്ലാതലത്തിലോ വനിതാ സംഗമങ്ങൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

(10) വെള്ളാള ശബ്ദം എഡിറ്റോറിയൽ ബോർഡ് പുനഃസംഘടിപ്പിക്കാൻ മഹാസഭ തീരുമാനിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## വെള്ളാള ശബ്ദം പത്രാധിപസമിതി വിപുലീകരിക്കുന്നു

മഹാസഭയുടെ മുഖപത്രമായ വെള്ളാള ശബ്ദത്തിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തൊട്ടാകെ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ശബ്ദത്തിന്റെ പത്രാധിപ സമിതി പുനഃസംഘടിപ്പിക്കുവാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചു. നിലവിൽ ഡയറക്ടർ ബോർഡ് അംഗങ്ങൾ മാത്രം ഉൾപ്പെടുന്ന പത്രാധിപ സമിതിയിൽ ജില്ല/യൂണിയൻ തലത്തിൽ താൽപര്യമുള്ള പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി പ്രവർത്തനം വ്യാപിപ്പിക്കുവാനാണു തീരുമാനം. ഇതിനായി ശബ്ദത്തിനു വേണ്ടി പ്രവർത്തിക്കാൻ തയാറുള്ള ജില്ല/യൂണിയൻ തലത്തിലുള്ള വ്യക്തികളിൽ നിന്ന് താൽപര്യപത്രങ്ങൾ ക്ഷണിക്കുന്നു. മഹാസഭയുടെയും എഡിറ്റോറിയൽ ബോർഡിന്റെയും നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കാൻ താൽപര്യപ്പെടുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ മേൽഘടകങ്ങൾ വഴി ചീഫ് എഡിറ്റർ കൂടിയായ ജനറൽ സെക്രട്ടറിയുടെ വിലാസത്തിൽ തപാലാക്കുകയോ, ഡയറക്ടർ ബോർഡ് അംഗങ്ങൾ മുഖേന മഹാസഭയിൽ എത്തിക്കുകയോ ചെയ്യാവുന്നതാണ്.

എം.റ്റി. സുരേന്ദ്രൻപിള്ളയുടെ കൃതജ്ഞതയോടുകൂടി യോഗം രണ്ടുമണിക്ക് അവസാനിച്ചു.

മണക്കാട് ആർ. പത്മനാഭൻ
ജനറൽ സെക്രട്ടറി

KERALA VELLALA MAHA SABHA
KERALA STATE